©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി

# (2021-2023)

**ഒന്നാമത് റിപ്പോർട്ട്**

(2022 മാർച്ച് മാസം 15-ാം തീയതി സമർപ്പിച്ചത്)

**(പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയിലുണ്ടായ ശിശുമരണങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2022

പതിനഞ്ചാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി

# (2021-2023)

## ഒന്നാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 15-ാം തീയതി സമർപ്പിച്ചത്)

**(പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയിലുണ്ടായ ശിശുമരണങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)**

453/2022.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | : | V |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | I |

# പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം സംബന്ധിച്ച സമിതി

## (2021-23)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ഒ. ആർ. കേളു.

അംഗങ്ങൾ :

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എ. രാജ

ശ്രീ. വി. ശശി

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. പി. പി. സുമോദ്

ശ്രീ.  വി. ആർ. സുനിൽ കുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മേബിൾ ആന്റണി, അണ്ടർ സെക്രട്ടറി.

## ആമുഖം

2021 നവംബർ മാസം പാലക്കാട് അട്ടപ്പാടിയിൽ നടന്ന ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി 2021 ഡിസംബർ മാസം 21-ാം തീയതി പാലക്കാട് അട്ടപ്പാടിയിലെ തെക്കേപുളളർ, വടകോട്ടത്തറ എന്നീ കോളനികളും കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും സന്ദർശിക്കുകയും തുടർന്ന് അഗളി കില ആഡിറ്റോറിയത്തിൽ ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തു. പ്രസ്തുത സന്ദർശനത്തിന്റെയും ഉദ്യോഗസ്ഥരുമായുള്ള ചർച്ചയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതും അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമൂഹത്തിന്റെ ക്ഷേമത്തിന് ഉതകുമെന്ന് സമിതി കരുതുന്നതുമായ ഏതാനും ശിപാർശകളും ഉൾക്കൊള്ളിച്ചതാണ് ഈ റിപ്പോർട്ട്.

2022 ഫെബ്രുവരി മാസം 9-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഒ. ആർ. കേളു,

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*

2022 മാർച്ച് 15. *പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

നമ്മുടെ സമൂഹത്തിൽ ആരോഗ്യപരമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും തൊഴിൽപരമായും പിന്നാക്കവസ്ഥയിൽ നിൽക്കുന്നവരാണ് പട്ടികവർഗ്ഗക്കാർ. ഇവർക്കിടയിൽ നവജാതശിശുക്കളുടെ മരണങ്ങൾ സംബന്ധിച്ച വാർത്തകൾ പലപ്പോഴായി പൊതുസമൂഹത്തിൽ കോളിളക്കം സൃഷ്ടിച്ചിട്ടുണ്ട്. പ്രത്യേകിച്ചും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയിൽ വർഷങ്ങളായിട്ട് സംഭവിച്ച് വരുന്ന ശിശുമരണം വളരെയധികം ദൗർഭാഗ്യകരമാണ്. അട്ടപ്പാടിയിലെ ആദിവാസിമേഖല 192 ഊരുകളിലായി വ്യാപിച്ചുകിടക്കുന്നു. ഇരുളർ, കുറുമ്പർ, മഡുഗർ എന്നീ സമുദായങ്ങളിലായി 33000-ത്തോളം പട്ടികവർഗ്ഗക്കാർ ഈ മേഖലയിൽ താമസിക്കുന്നു. പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന ശിശുമരണങ്ങൾ വീണ്ടും അട്ടപ്പാടിയെ ശ്രദ്ധാകേന്ദ്രമാക്കുന്നു. നവംബർ അവസാനം അഞ്ച് കുട്ടികളും ഒരു അമ്മയും മരണത്തിന് കീഴടങ്ങി. 2021 വർഷം 9 ശിശുക്കൾ മരണപ്പെട്ടതായാണ് ഔദ്യോഗിക കണക്കുകൾ പറയുന്നത്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ജനവിഭാഗങ്ങളിൽ 80 ശതമാനത്തോളം മതിയായ പോഷകാഹാരം കിട്ടാതെ രക്തക്കുറവിനാൽ വിളർച്ച ബാധിച്ചവരും അരിവാൾ രോഗം പിടിപെട്ടവരുമാണ്. 2013 മുതൽ 2021 ഒക്ടോബർ വരെയുള്ള ഔദ്യോഗിക കണക്കുപ്രകാരം 114 നവജാത ശിശുക്കളാണ് മരിച്ചത്. പക്ഷെ ഗർഭം അലസൽ, ചാപിള്ള, ഗർഭസ്ഥ ശിശുമരണം തുടങ്ങിയവയുടെ യഥാർത്ഥ കണക്കുകൾ ഞെട്ടിക്കുന്നതാണ്. 2013 വർഷം മുതൽ ശിശുമരണം പോലുള്ള സംഭവങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ വകുപ്പുകൾ വലിയ പ്രവർത്തനങ്ങൾ അട്ടപ്പാടി കേന്ദ്രീകരിച്ച് നടത്തിവരുന്നുണ്ട്. എന്നാൽ അവ എത്രത്തോളം ഫലപ്രാപ്തിയിലെത്തുന്നുണ്ട് എന്നത് അന്വേഷണവിധേയമാക്കേണ്ടതാണ്. അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി മേഖലയിൽ നിലവിലുള്ള 237 ഗർഭിണികളെയും അരിവാൾ രോഗികളായ 16 ഗർഭിണികളെയും ഹൈറിസ്കിൽ ഉൾപ്പെട്ട 187 ഗർഭിണികളെയും നിരീക്ഷിക്കുന്നതിനും ആരോഗ്യപ്രവർത്തകർ, ആശാവർക്കർ, എസ്.റ്റി. പ്രൊമോട്ടർ, അങ്കണവാടി പ്രവർത്തകർ തുടങ്ങിയവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, ജനനി ജന്മരക്ഷാ പദ്ധതി, ഭക്ഷ്യ സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, വാൽസല്യ സ്പർശം പദ്ധതി, സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം) രോഗികൾക്ക് ധനസഹായം, പുനർജനി/ കാരുണ്യാശ്രമം, കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് നൽകുന്ന സഹായം, നമത് വെള്ളാമെ പദ്ധതി, കൈത്താങ്ങ് പദ്ധതി, പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി തുടങ്ങി നിരവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതി നടത്തിപ്പിലേയ്ക്കായി കോടിക്കണക്കിന് തുകയും ചെലവഴിക്കുന്നുണ്ട്. ഇത്രയും പദ്ധതികൾ നടപ്പിലാക്കിയിട്ടും ഇക്കഴിഞ്ഞ 2021

നവംബർ മാസത്തിൽ അട്ടപ്പാടി മേഖലയിൽ നവജാത ശിശുക്കളും അമ്മയും മരിച്ച പശ്ചാത്തലത്തിൽ കേരള നിയമസഭാ പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി അട്ടപ്പാടിയിലെ ഊരുകളിലെ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനും നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടി 2021 ഡിസംബർ മാസം 21-ാം തീയതി പാലക്കാട് അട്ടപ്പാടിയിലെ തെക്കേപുളളർ കോളനിയും വടകോട്ടത്തറ കോളനിയും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലും സന്ദർശിക്കുകയും അഗളി കില ആഡിറ്റോറിയത്തിൽ യോഗം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2. സമിതി അട്ടപ്പാടിയിലെ തെക്കേപുളളർ കോളനിയിൽ എത്തുകയും അവിടെ അമ്മയും കുഞ്ഞും മരിച്ച വീട് സന്ദർശിച്ചു. മരിച്ച സ്ത്രീയ്ക്ക് മറ്റ് ആരോഗ്യപ്രശ്നങ്ങൾ ഒന്നും ഇല്ലായിരുന്നുവെന്ന് അവരുടെ ബന്ധുക്കളും അവർക്ക് അരിവാൾ രോഗമുണ്ടെന്നാണ് മെഡിക്കൽ റിപ്പോർട്ടെന്ന് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറും സമിതിയെ അറിയിച്ചു. കോളനി നിവാസികൾ ജീവിതമാർഗ്ഗമായി പശുക്കളെയും ആടുകളെയും വളർത്തുന്നുണ്ടെന്നും അവയുടെ പാൽ സൊസൈറ്റിയിൽ നൽകുമെന്നും സർക്കാരിൽ നിന്നും റേഷൻ സാധനങ്ങൾ, ഭക്ഷ്യ കിറ്റുകൾ, പെൻഷൻ എന്നിവ ലഭിക്കുന്നതായും എന്നാൽ രോഗങ്ങൾ വന്നാൽ ആശുപത്രിയിൽ പോകാൻ വാഹന സൗകര്യമില്ലെന്നും കോളനിനിവാസികൾ ബോധിപ്പിച്ചു.

3. തുടർന്ന് കോളനിയിലെ അങ്കണവാടിയും കോളനിയിൽ കുടുംബശ്രീ പ്രവർത്തകരാൽ നടത്തിവരുന്ന കമ്മ്യൂണിറ്റി കിച്ചണും സമിതി സന്ദർശിച്ചു. കോവിഡ് മഹാമാരിക്ക് ശേഷം കുട്ടികളെ അങ്കണവാടിയിൽ ഇരുത്തി പഠിപ്പിക്കുന്നില്ലെന്നും ഭക്ഷ്യസാധനങ്ങൾ അങ്കണവാടിയിൽ വിതരണം ചെയ്യുന്നുണ്ടെന്നും 25 കുട്ടികളും ഒരു ഗർഭിണിയും മുലയൂട്ടുന്ന അമ്മയുമാണ് നിലവിൽ ആനുകൂല്യം വാങ്ങുന്നതെന്നും ഗർഭിണികളുടെ കുത്തിവയ്പ്പും മറ്റ് കാര്യങ്ങളും പ്രമോട്ടർമാർ, അങ്കണവാടി ടീച്ചർ, ആശ വർക്കർ എന്നിവർ അന്വേഷിച്ച് നടപ്പിലാക്കുന്നുണ്ടെന്നും കൗമാരക്കാരായ പെൺകുട്ടികൾക്ക് പുട്ട്-കടല, അവൽ, റാഗി, നെയ്, ശർക്കര എന്നിവയും ഗർഭിണികൾക്ക് ഗോതമ്പ്, റാഗി പുട്ട്, കടല, ഉഴുന്ന്, ശർക്കര, നെയ് എന്നിവയും നൽകുന്നുണ്ടെന്നും കുട്ടികൾക്ക് കൃത്യമായ തൂക്ക പരിശോധന നടത്താറുണ്ടെന്നും അങ്കണവാടി ഹെൽപ്പർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ സമിതിയെ ധരിപ്പിച്ചു. കോളനിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചൺ സമിതി സന്ദർശിച്ചു. കമ്മ്യൂണിറ്റി കിച്ചണിൽ കുടുംബശ്രീ പ്രവർത്തകരാണ് ഭക്ഷണം പാചകം ചെയ്യുന്നത്. ഒരു ദിവസം ചോറും പയറും ആണെങ്കിൽ അടുത്തദിവസം റാഗി പുട്ടും പയറുമാണെന്നും ഇവ കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും രാവിലെയും വയോജനങ്ങൾക്ക് വൈകിട്ടുമായി നൽകുന്നുവെന്നും 200 മീറ്റർ അകലെയുള്ള കുളത്തിൽ നിന്നും ശേഖരിക്കുന്ന വെള്ളം അരിച്ചെടുത്താണ് ഭക്ഷണം പാചകം ചെയ്യുന്നതെന്നും കുടുംബശ്രീ പ്രവർത്തകർ സമിതിയെ അറിയിച്ചു. പൈപ്പ് ലൈൻ ഉണ്ടെന്നും പ്രത്യേക ടാങ്ക് പണിയുന്നതിന് പണം വകയിരുത്തിയിട്ടുണ്ടെന്നും കുടിവെള്ളക്ഷാമം ഉടൻ പരിഹരിക്കുമെന്നും പഞ്ചായത്ത് പ്രസിഡന്റ് സമിതിയെ അറിയിച്ചു.

4. തുടർന്ന് സമിതി അഗളി പഞ്ചായത്തിലെ വടകോട്ടത്തറ കോളനി സന്ദർശിച്ചു. കുട്ടികൾക്കും ഗർഭിണികൾക്കും അങ്കണവാടി വഴി പോഷകാഹാരങ്ങൾ ലഭിയ്ക്കുന്നുണ്ടെന്നും ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് ഉക്കക്കുറവ് കാണുന്നുണ്ടെന്നും 18 വയസ്സ് തികഞ്ഞ പെൺകുട്ടികളെ മാത്രമാണ് വിവാഹം കഴിപ്പിക്കുന്നതെന്നും ഗർഭിണികൾ കൃത്യമായ പരിശോധനകളും കുത്തിവയ്പ്പുകളും സ്കാനിംഗും നടത്താറുണ്ടെന്നും കുട്ടികൾ എല്ലാവരും സ്കൂളുകളിൽ പോകുന്നുണ്ടെന്നും സ്കൂളിലെ ജനറൽ ബോഡി മീറ്റിംഗിൽ രക്ഷിതാക്കൾ പങ്കെടുക്കാറുണ്ടെന്നും വീടുകളിൽ ചാരായം വാറ്റ് ഇല്ലെന്നും ബിവറേജ് ഔട്ട് ലെറ്റ് ആവശ്യമില്ലെന്നും സ്ത്രീകൾ മദ്യപിക്കാറില്ലെന്നും കൗൺസിലിംഗുകളും ക്ലാസുകളും ലഭിക്കാറുണ്ടെന്നും അസുഖം ബാധിച്ചാൽ ആശുപത്രിയിൽ പോകാറുണ്ടെന്നും വീടുകളിൽ ജെ.പി.എച്ച്.എൻ.-മാർ സന്ദർശനം നടത്താറുണ്ടെന്നും കുടിവെള്ളം ലഭ്യമാണെന്നും ടെലിവിഷൻ കാണാറുണ്ടെന്നും റേഷൻ കടകൾ വഴി ഭക്ഷ്യസാധനങ്ങൾ ലഭിക്കുന്നുണ്ടെന്നും കോളനി നിവാസികൾ സമിതിയെ അറിയിച്ചു. എന്നാൽ കോളനിയിലെ അരിവാൾ രോഗികൾക്ക് നാളിതുവരെ ചികിത്സാ സഹായം ലഭിച്ചിട്ടില്ലെന്നും സമിതി മുൻപാകെ പരാതി അറിയിച്ചു.

5. പിന്നീട് സമിതി, കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി സന്ദർശിക്കുകയും ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ നേരിൽ കണ്ട് വിലയിരുത്തുകയും ആശുപത്രിയിൽ വേണ്ടത്ര ഡോക്ടർമാരും ജീവനക്കാരുമില്ലെന്ന് മനസ്സിലാക്കുകയും ചെയ്തു.

6. സന്ദർശനാനന്തരം അഗളി കില ആഡിറ്റോറിയത്തിൽ വച്ച് യോഗം ചേർന്ന് അട്ടപ്പാടിയിലെ സ്ഥിതിഗതികളെക്കുറിച്ച് വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സമിതി വിശദമായ ചർച്ച നടത്തി. അട്ടപ്പാടിയിൽ ഐ.റ്റി.ഡി.പി.യുടെ കീഴിൽ 192 ഊരുകളിലായി 11016 കുടുംബങ്ങളും 32956 ആളുകളുമാണ് ആകെയുള്ളത്. 2021-ൽ 9 ശിശുമരണങ്ങളാണ് സംഭവിച്ചത്. ശിശുമരണങ്ങളുടെ യഥാർത്ഥ കാരണം കണ്ടെത്താനായി ഈ അമ്മമാരുടെ ഗർഭകാല ജീവിത സാഹചര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് പോകേണ്ടതായുണ്ടെന്നും ഗർഭിണികളുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പിലാക്കിയ ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം ഗർഭിണികൾക്കും അമ്മമാർക്കും സ്വന്തമായി പോഷകാഹാരം വാങ്ങി കഴിക്കുവാൻ ഗർഭിണിയായി 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് ആകുന്നത് വരെയുള്ള 18 മാസം 2000 രൂപ വീതം പ്രതിമാസം നൽകുന്നുണ്ടെന്നും 2021 ഡിസംബർ മാസം വരെയുള്ള തുക ബാങ്ക് അക്കൗണ്ട് വഴി നൽകി കഴിഞ്ഞെന്നും ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു. യുവതികൾ ഗർഭിണിയാണെന്ന വിവരം പലപ്പോഴും വൈകിയാണ് ആരോഗ്യപ്രവർത്തകർ അറിയുന്നതെന്നും ഗർഭിണിയാണെന്ന് ആരോഗ്യ വകുപ്പ് അറിഞ്ഞുകഴിഞ്ഞാൽ ആയത് സാക്ഷ്യപ്പെടുത്തി ഐ.റ്റി.ഡി.പി.-ക്ക് നൽകുന്നതിലെ കാലതാമസം മാത്രമാണ് സംഭവിക്കുന്നതെന്നും പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു.

7. അട്ടപ്പാടിയിൽ ഒരു വർഷത്തിനിടയ്ക്ക് ട്രൈബൽ വിഭാഗത്തിൽപെട്ടവരിൽ 229 പേരാണ് ഗർഭിണികൾ ആയിട്ടുള്ളതെന്നും അതിൽ തന്നെ ഹൈറിസ്ക് ഗ്രൂപ്പിൽ 185-ഉം വെരി ഹൈ റിസ്കിൽ 42 പേരും ഉൾപ്പെട്ടിരുന്നുവെന്നും ഗർഭിണികളിൽ തന്നെ 15 പേർക്ക് സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം) സ്ഥിരീകരിച്ചിരുന്നുവെന്നും കുട്ടികളിൽ സിവിയർ അക്യൂട്ട് മാൾന്യൂട്രീഷൻ ആയിട്ടുള്ളത് 33 പേരും മോഡറേറ്റ് അക്യൂട്ട് മാൾന്യൂട്രീഷൻ ആയിട്ടുള്ളത് 162 പേരുമാണെന്നും മുൻകാലങ്ങളിൽ ഇതിൽ കൂടുതൽ എണ്ണം ഉണ്ടായിരുന്നുവെന്നും പാലക്കാട് ഡെപ്യൂട്ടി ഡി.എം.ഒ. വ്യക്തമാക്കി. സഹകരണ വകുപ്പിന്റെ നേതൃത്വത്തിലും പെരിന്തൽമണ്ണ ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ആശുപത്രിയുടെ സഹകരണത്തോടെ 2018 ജൂൺ മാസം 26-ന് അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയും ഒട്ടനവധി കാര്യങ്ങൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2013-ന് ശേഷം അരിവാൾ രോഗത്തിന്റെ സ്ക്രീനിംഗ് നടത്തിയിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതയും ആവശ്യമായ ഉപകരണങ്ങൾ ഇല്ലാത്തതുമാണ് പരിശോധന മുടങ്ങാൻ കാരണമെന്നും കോട്ടത്തറ ആശുപത്രിയിൽ എത്തുന്ന ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും മാത്രമാണ് നിലവിൽ ടെസ്റ്റ് നടത്തുന്നതെന്നും സ്ക്രീനിംഗ് ക്യാമ്പ് നടത്തുകയാണെങ്കിൽ രോഗികളെ കണ്ടെത്തി അവർക്ക് ചികിത്സയും സംരക്ഷണവും നൽകാൻ സാധിക്കുന്നതാണെന്നും നിലവിൽ അരിവാൾ രോഗ ബാധിതരായ 163 പേർക്ക് മാസം തോറും 2500 രൂപ പെൻഷൻ നൽകുന്നുണ്ടെന്നും ഡെപ്യൂട്ടി ഡി.എം.ഒ. സമിതിയെ അറിയിച്ചു.

8. അട്ടപ്പാടി ആരോഗ്യ മേഖലയുടെ പ്രധാന ആശ്രയമാണ് കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി. എന്നാൽ ഈ ആശുപത്രി ഇപ്പോൾ പരിമിതികൾക്ക് നടുവിലാണ്. ഒരു വർഷം ശരാശരി 1000 ഗർഭിണികൾ അട്ടപ്പാടിയിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. സ്കാൻ ചെയ്യാനുള്ള സൗകര്യം എല്ലാ ദിവസങ്ങളിലും ഇല്ല. പോഷകക്കുറവ്, അരിവാൾ രോഗം തുടങ്ങിയ അസുഖമുള്ള ഗർഭിണികൾ ചികിത്സ തേടി എത്തിയാൽ ഗുരുതര സാഹചര്യം കണക്കിലെടുത്ത് അവരെ വിദഗ്ദ്ധ ചികിത്സയ്ക്കായി മറ്റ് ആശുപത്രികളിലേയ്ക്ക് അയയ്ക്കുകയാണ് പതിവ്. വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികളിൽ എത്തുന്നതിന് അട്ടപ്പാടി ചുരം കടന്ന് കിലോമീറ്ററുകൾ യാത്ര ചെയ്യണം. അട്ടപ്പാടിയിലെ നിലവിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒ.പി. ക്ലിനിക്കുകളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ടെന്നും ആംബുലൻസ് സൗകര്യം ലഭ്യമാണെന്നും മുലയൂട്ടൽ അപകടരഹിത മാക്കുന്നതിന് സഹായിക്കുന്നതിനായി നിശ്ചിത യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരായ യുവതികളെ റസിഡൻഷ്യൽ സഹായികളായി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് വാത്സല്യസ്പർശം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

9. നവജാത ശിശുക്കളിൽ കൂടുതൽപേർക്കും രണ്ടര കിലോ ഗ്രാമിൽ കുറവ് തൂക്കമാണ് വരുന്നത്. ഇത് സംബന്ധിച്ച് സമിതിയുടെ അന്വേഷണത്തിന് ഇപ്പോൾ അത്തരത്തിലുള്ള കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെന്നും 28 കുട്ടികളിൽ 6 പേർക്കുമാത്രമാണ് തൂക്കക്കുറവ് ഉണ്ടായിട്ടുള്ളതെന്നും പഠനം നടത്തിയാൽ മാത്രമേ കുട്ടികളുടെ തൂക്കക്കുറവിന് കാരണം അറിയാൻ സാധിക്കുകയുള്ളൂവെന്നും പാലക്കാട് ഡെപ്യൂട്ടി ഡി.എം.ഒ. സമിതിയെ അറിയിച്ചു. ആദിവാസികൾക്കിടയിൽ തൂക്കക്കുറവ് ഉണ്ടാവുന്ന കുട്ടികളുടെ എണ്ണം ജനറൽ കാറ്റഗറിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ എന്നും ചെറുപ്പക്കാർ കൂടുതലായി മരണപ്പെടുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നും ആരാഞ്ഞതിന്, ശിശുമരണനിരക്ക് കാറ്റഗറി തിരിച്ച് രേഖപ്പെടുത്തിയിട്ടില്ലെന്നും യുവാക്കൾക്കിടയിൽ പകർച്ചവ്യാധികൾ കുറവാണെങ്കിലും കായികാധ്വാനത്തിന്റെ കുറവ് കാണുന്നുണ്ടെന്നും ഡെപ്യൂട്ടി ഡി.എം.ഒ. സമിതിയെ അറിയിച്ചു. ഊര് നിവാസികളുടെ വിശ്വാസങ്ങൾ നിലനിർത്തിക്കൊണ്ട് മാത്രമേ അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂവെന്ന് പാലക്കാട് ജില്ലാ കളക്ടർ വ്യക്തമാക്കി. കഴിഞ്ഞ 5 വർഷത്തിനിടയിൽ ആദിവാസി, ജനറൽ വിഭാഗങ്ങളിൽപ്പെട്ട ശിശുമരണങ്ങളുടെ എണ്ണവും 50 വയസ്സിൽ താഴെ മരണപ്പെട്ടവരുടെ എണ്ണവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ശിശുമരണങ്ങൾ ഉണ്ടായതിനെ തുടർന്ന് സ്റ്റേറ്റ്ലെവൽ കമ്മിറ്റി കൂടി ഫീൽഡ്തലത്തിൽ നടപ്പിലാക്കാനുള്ള പദ്ധതികളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും അഗളി ആശുപത്രിയിൽ നിന്നും ഗർഭിണികളുടെയും കുട്ടികളുടെയും പരിപാലനത്തിൽ കൃത്യമായ മേൽനോട്ടം നടത്തി ഡേറ്റ എൻട്രി ചെയ്യുന്നുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം നിന്നുപോയ ജനനി എന്ന പദ്ധതി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കൂടാതെ ഹൈറിസ്ക് കാറ്റഗറിയിലുള്ള ഗർഭിണികളെ എല്ലാ മാസവും കൃത്യമായി പരിശോധിക്കുന്നതിന് മെഡിക്കൽ കോളേജിലെ സീനിയർ ഗൈനക്കോളജിസ്റ്റിനെ ഉൾപ്പെടുത്തി ഓൺലൈൻ കൺസൾട്ടേഷൻ ആരംഭിച്ചിട്ടുണ്ടെന്നും കുട്ടികൾക്ക് വേണ്ടി 15 പീഡിയാട്രിക് ഓക്സിജൻ സപ്പോർട്ട് ബെഡും 4 പീഡിയാട്രിക് ഐ.സി.യു.-കളും 3 കോടി രൂപയുടെ സ്കാനിംഗ് മെഷീനും കോട്ടത്തറ ആശുപത്രിക്കായി അനുവദിക്കുന്നതിന് നടപടിയായിട്ടുണ്ടെന്നും ജെ.പി.എച്ച്.എൻ. തുടങ്ങിയവരുടെ നേതൃത്വത്തിൽ ഫീൽഡ് തലനിരീക്ഷണങ്ങൾ നടത്തി വിവരങ്ങൾ കോമൺ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നുണ്ടെന്നും ഹൈറിസ്ക് വിഭാഗത്തിൽപ്പെടുന്ന നവജാത ശിശുക്കളെ ഒരു വയസുവരെ മോണിട്ടർ ചെയ്യുന്നതിന് അട്ടപ്പാടിയിൽ 5 യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് സമിതി മനസ്സിലാക്കി. സബ്സെന്ററുകൾക്ക് ഗർഭാവസ്ഥയിലെ ശിശുവിന്റെ അനക്കം അറിയുന്നതുൾപ്പെടെയുള്ള മെഡിക്കൽ ഉപകരണങ്ങൾ നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ഊര് മൂപ്പന്റെയും മൂപ്പത്തിയുടെയും പങ്കാളിത്തത്തോടെ അങ്കണവാടി ടീച്ചർ മുഖേന യോഗം വിളിച്ച് പ്രശ്നപരിഹാരം നടത്തി വരുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെളിപ്പെടുത്തി.

10. ഐ.സി.ഡി.എസ്-ന് കീഴിൽ 175 അംഗൻവാടികൾ ഉണ്ട്. അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും പ്രവർത്തനങ്ങളിൽ പ്രധാനമായും ന്യൂട്രീഷൻ പ്രോഗ്രാമാണെന്നും നോംസ് അനുസരിച്ച് പ്രോട്ടീനും കലോറിയും നോക്കിയിട്ടുള്ള സപ്ലിമെന്ററി ഫുഡാണ് നൽകുന്നതെന്നും എല്ലാമാസവും ഇവരുടെ തൂക്കം പരിശോധിക്കുന്നുണ്ടെന്നും '1000 ദിനങ്ങൾ പദ്ധതി' പ്രകാരം ഒരു കുഞ്ഞ് അമ്മയുടെ വയറ്റിൽ പിറക്കുന്നതു മുതൽ രണ്ട് വയസ്സ് വരെയുള്ള 1000 ദിവസങ്ങൾ കണക്കാക്കി തൂക്കക്കുറവുള്ള കുട്ടികൾക്കും ഗർഭിണികൾക്കും തെറാപിക് ഫുഡ് കൊടുക്കുന്നുണ്ടെന്നും 'അരുണിമ' എന്ന പദ്ധതിയുടെ ഭാഗമായി എല്ലാവർക്കും രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് 12-ൽ എത്തിക്കണമെന്ന ഉദ്ദേശ്യത്തോടെ ആയുർവേദ ഡോക്ടർമാർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നുവെന്നും അങ്കണവാടി വർക്കർമാർ ചൊവ്വാഴ്ച ദിവസങ്ങളിൽ ഭവനസന്ദർശനം നടത്തുന്നുണ്ടെന്നും രണ്ട് സ്ഥലങ്ങൾ ഒഴികെ ബാക്കി എല്ലാ ഊരുകളിലും അങ്കണവാടികൾ ഉണ്ടെന്നും ഇല്ലാത്ത സ്ഥലങ്ങളിൽ കൂടി അങ്കണവാടികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും എല്ലാ ഊരുകളിലെ അങ്കണവാടികളിലും ഭക്ഷണ സാധനങ്ങൾ എത്തുന്നുണ്ടെന്ന് പരിശോധിക്കുന്നുണ്ടെന്നും ഐ.സി.ഡി.എസ്-ന്റെ സി.ഡി.പി.ഒ. സമിതിയിൽ വിശദമാക്കി. ഗർഭിണിയാകുന്ന കാര്യവും പോഷകാഹാരങ്ങൾ അവർ കഴിക്കുന്നുണ്ടോ എന്നതും പരിശോധിക്കുന്നതിന് ഫീൽഡ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ കളക്ടറും വ്യക്തമാക്കി. 2.5 കിലോഗ്രാമിൽ കുറയാത്ത തൂക്കമുള്ളതും ആരോഗ്യമുള്ളതുമായ നവജാതശിശുക്കൾ ഉണ്ടാകുന്നതിനായാണ് ലക്ഷ്യം വച്ചിട്ടുള്ളതെന്നും 10 വയസ്സ് ആകുന്നത് വരെ ഓരോ ഘട്ടത്തിലുമുള്ള വളർച്ച പരിശോധിക്കുകയും പോഷകാഹാരക്കുറവ് ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ടെന്നും സി.ഡി.പി.ഒ. വ്യക്തമാക്കി.

11. അട്ടപ്പാടി ആദിവാസി മേഖലയിൽ 755 കുടുംബശ്രീകളിലായി 8845 കുടുംബങ്ങൾ അംഗങ്ങളാണ്. 100 ശതമാനം ആളുകളും കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ ഊരിലും ഒരു ഊര്സമിതി എന്ന നിലയിൽ 136 ഊര് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളും കമ്മ്യൂണിറ്റി കിച്ചണും നടത്തുന്നത് കുടുംബശ്രീയാണ്. ഒരു ഇംപ്ലിമെന്റിംഗ് ഏജൻസിയായാണ് കുടുംബശ്രീ പ്രവർത്തിച്ചുവരുന്നത്. അട്ടപ്പാടിയിൽ 147 കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിക്കുന്നുണ്ടെന്നും 2 നേരത്തെ ഭക്ഷണം ആണ് നൽകുന്നതെന്നും കുടുംബശ്രീ ആനിമേറ്റർമാർ എല്ലാ ബുധനാഴ്ച ദിവസങ്ങളിലും ഹൈ റിസ്ക് വിഭാഗത്തിലുള്ള ഗർഭിണികളെ ട്രാക്ക് ചെയ്ത് അവർ ഭക്ഷണവും മരുന്നും കഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സമിതിയിൽ വെളിപ്പെടുത്തി.

12. വിദ്യാഭ്യാസ രംഗത്ത് പ്രധാനമായും ചെയ്യുന്നത് ബ്രിഡ്ജ് സ്കൂളിംഗാണെന്നും പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഊരുകളിൽ റെമഡിയൽ ടീച്ചിംഗ് നടത്തുന്നുണ്ടെന്നും സാമൂഹിക പഠനമുറി ഇല്ലാത്ത 87 ഊരുകളിൽ ഇത്തരത്തിലുള്ള പ്രവർത്തനം നടത്തുന്നുണ്ടെന്നും യോഗത്തിൽ ബന്ധപ്പെട്ടവർ വ്യക്തമാക്കി. സാമ്പത്തിക പരാധീനത കാരണം 10-ാം ക്ലാസ് കഴിയുന്നതോടെ ആൺകുട്ടികൾ ദൂരസ്ഥലങ്ങളിലേക്ക് പോയി പഠിക്കാൻ വിമുഖത കാണിക്കുകയും അതോടെ പഠനം അവസാനിപ്പിക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. അത്തരം കുട്ടികളെ സാക്ഷരതാമിഷന്റെ സഹായത്തോടെ പഠിപ്പിച്ച് തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. 18-നും 35-നും ഇടയിൽ പ്രായമുള്ള പത്താം ക്ലാസ് പാസായവർക്ക് യുവകേരളം പദ്ധതിയുടെ കീഴിൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ നടത്തുന്നുണ്ടെന്നും 10-ാം ക്ലാസ് കഴിഞ്ഞതും പി.ജി. വരെ പഠിച്ചവരുമായ യുവാക്കൾക്ക് ജില്ലയിൽ പ്രവർത്തിക്കുന്ന മികച്ച പ്ലേയ്സ്മെന്റ് ഏജൻസികൾ മുഖാന്തരം തൊഴിൽ നേടുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സമിതിയെ അറിയിച്ചു.

13. എസ്.സി. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായുള്ള വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി 1874 ലാപ്ടോപ്പുകൾ അട്ടപ്പാടി മേഖലയിൽ വിതരണം നടത്തിയെന്നും ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും സ്കൂളിലെ പ്രഭാത ഭക്ഷണ വിതരണം 2022 ജനുവരി 3-ാം തീയതി മുതൽ പുനരാരംഭിക്കുന്നതിന് തീരുമാനമായിട്ടുണ്ടെന്നും അതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും എൽ.പി/യു.പി വിഭാഗത്തിന് മാത്രമെ നിലവിൽ പ്രഭാത ഭക്ഷണം വിതരണം ഉള്ളൂവെന്നും ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിനും ആയത് അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പഞ്ചായത്ത് അംഗീകരിക്കുകയാണെങ്കിൽ നൽകുന്നതാണെന്നും പഞ്ചായത്ത് തലത്തിൽ ഗോത്രസാരഥി പദ്ധതി വന്നതോടുകൂടി ഉൾഭാഗത്തുള്ള ഊരുകളിലെ കുട്ടികളും വിദ്യാലയങ്ങളിൽ എത്തിതുടങ്ങിയിട്ടുണ്ടെന്നും പദ്ധതി പൂർണമാകുന്നതോടെ എല്ലാ കുട്ടികളും വിദ്യാലയങ്ങളിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെന്നും വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വിശദമാക്കി. വിദ്യാർഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോക്ക് കുറയുമെന്ന് പ്രതീക്ഷിക്കുന്നതായും പി.എസ്.സി. ലിസ്റ്റിൽ നിന്നും എല്ലാ സ്കൂളുകളിലേക്കും അധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നും സ്കൂളുകളിൽ ഗോത്രഭാഷയുമായി ബന്ധമുള്ള മെന്റർ ടീച്ചർമാരെ എസ്.ടി. വകുപ്പും സ്പെഷ്യൽ എജ്യൂകേറ്റേഴ്സിനെ എസ്.എസ്.കെ.-യും നിയമിച്ചിട്ടുണ്ടെന്നും കൗൺസിലർമാരുടെ സേവനവും സ്കൂളുകളിൽ ലഭ്യമാണെന്നും കോവിഡ് പശ്ചാത്തലത്തിൽ എൽ.പി. വിഭാഗം കഴിഞ്ഞതും എന്നാൽ യു.പി. സ്കൂളുകളിൽ അഡ്മിഷൻ എടുക്കാതെയുമുള്ള കുട്ടികൾക്ക് ടി.സി.

ഇല്ലാതെതന്നെ അഡ്മിഷൻ നൽകുന്നുണ്ടെന്നും പ്ലസ്ടു സീറ്റുകളുടെ എണ്ണം വർധിപ്പിച്ചതുകൊണ്ട് എല്ലാ കുട്ടികൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടർ സമിതിയിൽ വെളിപ്പെടുത്തി. കോവിഡ് കാലയളവിൽ 152 ഓൺലൈൻ പഠന കേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തിച്ചിരുന്നു. 30 ലാപ്ടോപ്പുകൾ ഉപയോഗിച്ചും 5000 രൂപ പ്രതിമാസ വേതനത്തിൽ ഫെസിലിറ്റേറ്ററെ നിയമിച്ചുമാണ് പഠനം തുടർന്നതെന്നും മൂന്ന് പ്രതിഭാ കേന്ദ്രങ്ങളും രണ്ട് ഊര് വിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും 459 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് 8 സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ നിയമിച്ചിട്ടുണ്ടെന്നും ഇവർക്കായി തെറാപ്പിക് സെന്റർ നടത്തുന്നുണ്ടെന്നും ഇതിൽ 13 കുട്ടികൾ ഓട്ടിസം ബാധിച്ചവരാണെന്നും സമിതിയിൽ ബോധിപ്പിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 16 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലും ഒരു എം.ആർ.എസും പ്രവർത്തിക്കുന്നുണ്ടെന്നും 1500-ഓളം വിദ്യാർത്ഥികൾ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നുണ്ടെന്നും അറിയിച്ചു.

14. 2016 മുതൽ ആദിവാസികൾക്കിടയിൽ 'ഉണർവ്' എന്ന പദ്ധതി ആരംഭിച്ചിരുന്നെന്നും ലൈബ്രറിക്ക് സമാനമായാണ് പദ്ധതി ആദ്യം ആരംഭിച്ചതെന്നും കോവിഡ് പശ്ചാത്തലത്തിൽ ആളുകൾക്ക് ലൈബ്രറിയിലേക്ക് പോകുവാൻ കഴിയാത്ത സാഹചര്യത്തിൽ ഊരുകളിൽ ബുക്കുകൾ വിതരണം ചെയ്യുന്നുണ്ടെന്നും ഇതിനുപുറമേ പി.എസ്.സി. കോച്ചിംഗ് നൽകുന്നുണ്ടെന്നും ഉണർവ് പദ്ധതിയിലൂടെ വിദ്യാഭ്യാസ- കായികപരമായ വികാസമാണ് ഉദ്ദേശിക്കുന്നതെന്നും അതിന്റെ ഭാഗമായി ആൺകുട്ടികൾക്ക് ഫുട്ബോൾ കോച്ചിംഗ് നൽകുന്നുണ്ടെന്നും പെൺകുട്ടികൾക്ക് തയ്യൽ, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുന്നുണ്ടെന്നും സമിതിയെ അറിയിച്ചു .

15. അട്ടപ്പാടി വനമേഖലയിൽ ലോക്ഡൗണിനുശേഷം വ്യാജമദ്യ നിർമ്മാണം കൂടുതലാണെന്നും 2021 വർഷത്തിൽ 237 അബ്കാരി കേസുകളും 21 പെറ്റി കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇത് കേരളത്തിലെ മറ്റ് റെയ്ഞ്ച് ഓഫീസുകളുമായി താരതമ്യം ചെയ്യുമ്പോൾ വലിയ കണക്കാണെന്നും ഇവിടെ ഒരു റെയ്ഞ്ച് ഓഫീസ് കൂടി ആരംഭിക്കേണ്ടതുണ്ടെന്നും കൂടുതലായി വാറ്റ് നടക്കുന്നത് വനത്തിനുള്ളിലാണെന്നും ആയതിനാൽ വാറ്റ് പിടിച്ചെടുക്കുന്നതിനും നശിപ്പിക്കുന്നതിനും വനം വകുപ്പിന്റെകൂടി അനുവാദം വേണ്ടതുണ്ടെന്നും പാലക്കാട് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ വ്യക്തമാക്കി. ജനമൈത്രി എക്സൈസ് ഓഫീസ് മുഖേന വിമുക്തി പദ്ധതിയുടെ ഭാഗമായുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഓൺലൈനായും അല്ലാതെയും നടത്തുന്നുണ്ട്. കൂടാതെ യുവാക്കൾക്കിടയിൽ കായിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കള്ള് ചെത്ത് വ്യാപകമാക്കുകയാണെങ്കിൽ കർഷകർക്ക് പ്രയോജനകരമാകുമെന്നും വ്യാജ വാറ്റ് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

16. ഈ മേഖലയിൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ ഉൾപ്പെടുന്ന 17 പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ജനമൈത്രി പോലീസിന്റെയും എസ്.പി.സി.യുടെയും സഹായത്തോടെ കുട്ടികൾക്കും അമ്മമാർക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ടെന്നും അഗളി എസ്.ഐ. സമിതി മുമ്പാകെ വെളിപ്പെടുത്തി.

17. അട്ടപ്പാടി മേഖലയിൽ മൂന്ന് പഞ്ചായത്തുകളാണ് ഉള്ളത്. ഈ മൂന്ന് പഞ്ചായത്തുകളിലുമായി വിവിധ പദ്ധതികൾക്കായി ചെലവഴിക്കാനുള്ളത് 28 കോടി രൂപയാണെന്നും ഇതിനകം 7 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും (25 ശതമാനം) ട്രൈബൽ മേഖലയിൽ ചെലവഴിക്കാനുള്ള 9 കോടി രൂപയിൽ 2.11 കോടി രൂപ (23 ശതമാനം) ചെലവഴിച്ചിട്ടുണ്ടെന്നും കഴിഞ്ഞ വർഷം 80 ശതമാനം തുകവരെ ചെലവഴിക്കാനായിട്ടുണ്ടെന്നും 61 പൊതുമരാമത്ത് പ്രവൃത്തികളിൽ 31 എണ്ണം ടെൻഡർ ചെയ്യുകയും 28 എണ്ണം എഗ്രിമെന്റ് വയ്ക്കുകയും പല ഘട്ടങ്ങളിലായി നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നുണ്ടെന്നും അങ്കണവാടികൾ മുഖാന്തരമുള്ള പോഷക പൂരക പദ്ധതികൾക്കായി മൂന്ന് പഞ്ചായത്തുകളിലുംകൂടി 1 കോടി 24 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും അതിൽ 55 ലക്ഷം രൂപ (45 ശതമാനം) ചെലവഴിച്ചിട്ടുണ്ടെന്നും ട്രൈബൽ മേഖലയിൽ 22 ലക്ഷം രൂപ വകയിരുത്തുകയും 30 ശതമാനം തുക ചെലവഴിച്ചിട്ടുണ്ടെന്നും ട്രൈബൽ മേഖലയിൽ പഠനോപകരണ വിതരണത്തിനായി 11 ലക്ഷം രൂപയും ലാപ്ടോപ് വിതരണത്തിനായി 31 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദമാക്കി.

18. സമിതിയുടെ കോളനി സന്ദർശനത്തിന്റെയും വിവിധ വകുപ്പുദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശ/നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

19. അട്ടപ്പാടി മേഖലയിലെ ആദിവാസി ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേകിച്ചും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തിയും അല്ലാതെയും വിവിധ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുകയും കോടിക്കണക്കിന് രൂപ ചെലവഴിക്കുകയും ചെയ്യുന്നുണ്ടെന്ന് സമിതി വിലയിരുത്തി. അത്തരത്തിൽ അമ്മമാരുടെയും നവജാത ശിശുക്കളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് ജനനി-ജന്മരക്ഷ. ഗർഭിണിയായതിനുശേഷമുള്ള 3-ാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സാകുന്നതുവരെയുള്ള 18 മാസക്കാലം 2000 രൂപ വീതം ഓരോ മാസവും നൽകുന്ന പദ്ധതിയാണിത്. അതുപോലെ സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി, ഭക്ഷ്യ സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ, വാത്സല്യ സ്പർശം പദ്ധതി, പുനർജനി/കാരുണ്യാശ്രമം, സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം) തുടങ്ങിയ പദ്ധതികളും ആരോഗ്യ പരിരക്ഷയ്ക്കായി നടപ്പിലാക്കിയവയാണ്. അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് നികത്തുന്നതിനായി

ആദിവാസി കർഷകരായ വനിതകളെ സംഘടിപ്പിച്ച് മില്ലെറ്റ് കൃഷി യൂണിറ്റും ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. ഇത്രയും പദ്ധതികളും സഹായങ്ങളും ഉണ്ടായിട്ടും മാതൃശിശു മരണങ്ങൾ അട്ടപ്പാടി മേഖലയിൽ കൂടുതലായി സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ അട്ടപ്പാടിയിൽ കൂടുതലായി മാതൃശിശു മരണങ്ങൾ സംഭവിക്കുന്നതിന്റെ കാരണം സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ടി മേഖലയിൽ വിവിധ പദ്ധതി പ്രകാരം അനുവദിക്കുന്ന ചികിത്സാ ധനസഹായങ്ങൾ ഫണ്ട് പര്യാപ്തമല്ല എന്ന കാരണത്താൽ യഥാസമയം വിതരണം ചെയ്യാതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്നും ഉദ്യോഗസ്ഥർ ഫണ്ട് ലഭ്യമാക്കിക്കൊണ്ട് യഥാസമയങ്ങളിൽ ധനസഹായ വിതരണം നടത്തണമെന്നും ധനസഹായം യഥാസമയം വിതരണം ചെയ്യാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. കൗമാരപ്രായം മുതൽ തന്നെ പെൺകുട്ടികളിൽ കൃത്യമായ പരിശോധനകൾ നടത്തി ആരോഗ്യപ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുകയാണെങ്കിൽ ഗർഭാവസ്ഥയിൽ പൂർണ്ണ ആരോഗ്യം നിലനിർത്താൻ കഴിയുകയും ഗർഭാവസ്ഥയിൽ പൊതുവെ ഹീമോഗ്ലോബിന്റെ കുറവുകൊണ്ടുണ്ടാകുന്ന വിളർച്ചയും മറ്റ് അസുഖങ്ങളും നിയന്ത്രിക്കാൻ സാധിക്കുന്നതുമാണ്. ആയതിനാൽ കൗമാരപ്രായം മുതൽ തന്നെ പെൺകുട്ടികളുടെ ആരോഗ്യ പരിരക്ഷയിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്നും ആരോഗ്യപ്രശ്നങ്ങൾ നേരത്തേ കണ്ടെത്തി ആവശ്യമായ ചികിത്സ നൽകണമെന്നും അവർക്ക് പ്രോട്ടീൻ അടങ്ങിയ ആഹാരം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. സമിതിയുടെ അഗളി പഞ്ചായത്തിലെ വടകോട്ടത്തറ കോളനി സന്ദർശനത്തിൽ അരിവാൾ രോഗികൾക്ക് ചികിത്സാ ധനസഹായം ലഭിച്ചില്ലെന്ന പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ആകയാൽ വടകോട്ടത്തറ കോളനിയിലെ അരിവാൾ രോഗികൾക്ക് ചികിത്സാ ധനസഹായം അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. അട്ടപ്പാടി ആദിവാസി മേഖലയിലെ ആദിവാസി കുടുംബശ്രീ പ്രവർത്തകർ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. മേഖലയിലെ 147 കമ്മ്യൂണിറ്റികിച്ചണുകളുടെയും നടത്തിപ്പ് ചുമതല കുടുംബശ്രീയ്ക്കാണ്. കമ്മ്യൂണിറ്റി കിച്ചൺ വഴി വിതരണം ചെയ്യുന്ന ഭക്ഷണത്തിൽ പാൽ, മുട്ട, ഇറച്ചി, പച്ചക്കറി മുതലായവ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതി സന്ദർശനം നടത്തിയ തെക്കേ പുതൂർ കോളനിയിലെ കമ്മ്യൂണിറ്റി കിച്ചന്റെ ആവശ്യത്തിലേയ്ക്കായി 200 മീറ്റർ അകലെയുള്ള ഒരു കുളത്തിൽ നിന്നും ശേഖരിക്കുന്ന വെള്ളം അരിച്ചെടുത്താണ് ഭക്ഷണം പാചകം ചെയ്യുന്നതെന്ന് കുടുംബശ്രീ പ്രവർത്തകർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

അട്ടപ്പാടി മേഖലയിലെ മിക്ക ആദിവാസി കോളനികളിലും കുടിവെള്ളത്തിനായി കുളങ്ങളെയാണ് ആശ്രയിക്കുന്നത്. കുടിവെള്ള ലഭ്യതക്കുറവ് കോളനി നിവാസികൾ നേരിടുന്ന ഒരു പ്രധാന വിഷയമാണ്. ആയതിനാൽ അട്ടപ്പാടി ആദിവാസി കോളനികളിലെ കുടിവെള്ള പ്രശ്നം ശാശ്വതമായ പരിഹാര മാർഗ്ഗങ്ങൾ അവലംബിച്ച് പരിഹരിക്കപ്പെടണമെന്നും നിലവിൽ കുടിവെള്ളത്തിനായി ഇവർ ഉപയോഗിച്ചു വരുന്ന ജലസ്രോതസ്സുകൾ ക്ലോറിനേഷൻ നടത്തി ശുദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. അട്ടപ്പാടി ആരോഗ്യ മേഖലയുടെ പ്രധാന ആശ്രയമാണ് കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി. ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലനം ലക്ഷ്യംവച്ച് ആരംഭിച്ച ഈ ആശുപത്രി ഇപ്പോൾ പരിമിതികൾക്ക് നടുവിലാണെന്ന കാര്യം സമിതി മനസ്സിലാക്കുന്നു. ആശുപത്രിയിൽ നിലവിൽ ഗർഭിണികൾക്ക് സ്കാൻ ചെയ്യാനുള്ള സൗകര്യം ഞായറാഴ്ച മാത്രമാണുള്ളത്. സ്കാനിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് പ്രവർത്തിപ്പിക്കുന്നതിനായി സ്ഥിരമായി ഒരു റേഡിയോളജിസ്റ്റിനെ നിയമിച്ചിട്ടില്ല. ആവശ്യത്തിന് ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും ഇല്ലാത്തത് പാവപ്പെട്ട ആദിവാസി ജനവിഭാഗത്തിന് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കുകയും അവർക്ക് മതിയായ ചികിത്സ ലഭിക്കാതെ വരുന്നതായും സമിതി വിലയിരുത്തി. കൂടാതെ ഈ ആശുപത്രിയിൽ ശിശുവിഭാഗം, ഗൈനക്കോളജി വിഭാഗങ്ങളിൽ സീനിയർ ഡോക്ടർമാരുടെ സേവനം അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ശിശുവിഭാഗം, ഗൈനക്കോളജി വിഭാഗങ്ങളിൽ സീനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെന്നും ആശുപത്രിയിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആരോഗ്യ പ്രവർത്തകരെയും കൂടുതൽ ടെക്നീഷ്യൻമാരെയും നിയമിക്കുന്നതിനും സ്ഥിരമായി ഒരു റേഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഈ ആശുപത്രിയിൽ വെന്റിലേറ്റർ സൗകര്യമുള്ള ആംബുലൻസ് ലഭ്യമാക്കണമെന്നും കുട്ടികൾക്കായി ഐ.സി.യു. സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അരിവാൾ രോഗികൾക്കുള്ള സ്ക്രീനിംഗ് ക്യാമ്പ് കോളനികളിൽ പുനരാരംഭിക്കണമെന്നും സ്ക്രീനിംഗ് ടെസ്റ്റ് നടത്തി രോഗംനിർണ്ണയിച്ച് ആവശ്യമായ ചികിത്സാ സഹായം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. അരിവാൾ രോഗികളായവരും മേഖലയിൽ നിലവിലുള്ള ഹൈറിസ്കിൽ ഉൾപ്പെട്ട ഗർഭിണികളെയും നിരീക്ഷിക്കുന്നതിനും പരിചരിക്കുന്നതിനുമായി നിയോഗിക്കപ്പെട്ട എസ്.ടി. പ്രൊമോട്ടർ, ആശാവർക്കർ, അങ്കണവാടി പ്രവർത്തകർ എന്നിവർ കൃത്യമായി

ഗൃഹസന്ദർശനം നടത്തുകയും ഗർഭിണികൾ മരുന്നും ഭക്ഷണവും കൃത്യമായി കഴിക്കുന്നുണ്ടോയെന്ന് അന്വേഷിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത്തരത്തിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദിത്വത്തോടെയും കാര്യക്ഷമമായും പ്രവർത്തിക്കണമെന്നും സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസർമാരും ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരും ഈ വിഷയത്തിൽ ആവശ്യമായ മേൽനോട്ടം വഹിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. കോളനിവാസികൾക്ക് രോഗാവസ്ഥയിൽ ആശുപത്രിയിൽ എത്തി ചികിത്സ തേടുന്നതിന് മതിയായ ഗതാഗത സൗകര്യം ഇല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. രോഗികളെ യഥാസമയം ആശുപത്രിയിൽ എത്തിക്കുന്നതിനായി പ്രാദേശികതലത്തിൽ ആംബുലൻസുകൾ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ജില്ലാപഞ്ചായത്ത് മുഖേനയുള്ള സ്കൂളുകളിലെ പ്രഭാതഭക്ഷണ വിതരണം നിലവിൽ എൽ.പി., യു.പി. വിഭാഗത്തിനുമാത്രമായാണ് ഉള്ളത്. ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗത്തിലുള്ള കുട്ടികൾക്കുകൂടി പ്രഭാതഭക്ഷണം വിതരണം ചെയ്യണമെന്ന് സമിതി ശിപാർശചെയ്യുന്നു.

27. സാമ്പത്തിക പരാധീനതമൂലവും വ്യക്തിത്വവികാസത്തിന്റെ അഭാവം മൂലവും പത്താം ക്ലാസ് കഴിയുന്ന കുട്ടികൾ ദൂരസ്ഥലങ്ങളിൽ പോയി പഠിക്കാൻ വിമുഖത കാണിക്കുകയും പഠനം അവസാനിപ്പിക്കുകയും ചെയ്യുന്ന പ്രവണത ഊരുകളിൽ നിലനിൽക്കുന്നതായും അത്തരം കുട്ടികളെ സാക്ഷരതാ മിഷന്റെ സഹായത്തോടെ പഠിപ്പിച്ച് തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന രീതിയാണ് നിലവിലുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എസ്.ടി. പ്രൊമോട്ടർമാർ, ആശാവർക്കർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഇത്തരം കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരിക്കുകയും നിലവിലുള്ള പോസ്റ്റ് മെട്രിക് സംവിധാനം പരമാവധി പ്രയോജനപ്പെടുത്തി സ്കൂളുകളിൽ നടക്കുന്ന കൊഴിഞ്ഞുപോക്ക് തടയുന്നതിനും കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം നേടിയെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. മദ്യനിരോധിത മേഖലയാണെങ്കിലും അട്ടപ്പാടിയിൽ വ്യാജമദ്യം യഥേഷ്ടം ലഭ്യമാണ്. അമ്മമാരും കുട്ടികളും വരെ ലഹരിക്ക് അടിമകളാകുന്നു. വ്യാജമദ്യം സ്ഥിരമായി ഉപയോഗിക്കുന്നതിലൂടെ യുവാക്കൾ മരണപ്പെടുന്ന സാഹചര്യമുണ്ടെന്നും തമിഴ്നാട്ടിൽ നിന്നും പാൻപരാഗ്, പുകയില തുടങ്ങിയ ലഹരി വസ്തുക്കൾ കൂടുതലായി ഊരുകളിലെത്തുന്നുണ്ടെന്നും അവ കുട്ടികളും മുതിർന്നവരും യഥേഷ്ടം ഉപയോഗിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആദിവാസി ഊരുകളിലെ വ്യാജമദ്യ വിതരണവും ലഹരി ഉപയോഗവും കർശനമായി തടയണമെന്നും ഇതിനായി ബോധവൽക്കരണം നടത്തണമെന്നും അമിതമായ ലഹരി

ഉപയോഗത്തിന് അടിമപ്പെട്ടവരെ ഡീ-അഡിക്ഷൻ സെന്ററുകളിൽ എത്തിച്ച് ചികിത്സ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വനമേഖല കേന്ദ്രീകരിച്ച് വ്യാജമദ്യനിർമ്മാണവും ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന അബ്കാരി കേസുകളും കൂടുതലാണെന്നത് കണക്കിലെടുത്ത് ടി മേഖലയിൽ ഒരു റെയ്ഞ്ച് ഓഫീസ് കൂടി ആരംഭിക്കണമെന്ന് സമിതിയോഗത്തിൽ ആവശ്യമുയർന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ ഒരു റെയ്ഞ്ച് ഓഫീസ് കൂടി ആരംഭിക്കുന്നതിനുള്ള നടപടിയ്ക്കായി സമിതി ശിപാർശ ചെയ്യുന്നു.

29. ഈ മേഖലയിൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ ഉൾപ്പെടുന്ന 17 പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പോക്സോ കേസുകൾ ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കോളനികളിൽ കുട്ടികൾക്കും മുതിർന്നവർക്കുമിടയിൽ ജാഗ്രത ബോധവൽക്കരണം പട്ടികജാതി പട്ടികവർഗ വികസനം, ആഭ്യന്തരം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. യുവാക്കൾക്കിടയിൽ പകർച്ചവ്യാധിയും മറ്റ് അസുഖങ്ങളും കുറവാണെങ്കിലും വ്യായാമക്കുറവുള്ളതായി സമിതി മനസ്സിലാക്കുന്നു. യുവാക്കളുടെയും കുട്ടികളുടെയും മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് വ്യായാമം പ്രധാനമാണ്. കോളനികളിൽ ഒരു പൊതുകളിസ്ഥലം ഇല്ലായെന്നുള്ളത് ഇതിനൊരു തടസ്സമായി സമിതി കാണുന്നതിനാൽ ഓരോ കോളനിയ്ക്കും ഒരു പൊതു കളിസ്ഥലം ഉണ്ടാകണമെന്നും അതിനാവശ്യമായ സൗകര്യങ്ങൾ പഞ്ചായത്ത് അധികൃതരുമായി ചേർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. ആദിവാസി വികസനത്തിന് ആവശ്യമായ സുപ്രധാനമായ വിഭവം ഭൂമിയാണ്. ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. അട്ടപ്പാടി മേഖലയിൽ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി കണ്ടെത്തി നൽകണമെന്നും ആദിവാസി ഊരുകളിലേയ്ക്കുള്ള കുടിയേറ്റവും ആദിവാസി ഭൂമി കൈയ്യേറ്റവും തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

32. അട്ടപ്പാടിയിലെ പരമ്പരാഗത കൃഷി രീതികളുടെ തകർച്ചയ്ക്ക് പ്രധാന കാരണം ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. പരമ്പരാഗത കൃഷി രീതിയെ പുനരുജ്ജീവിപ്പിക്കുന്നതിന് ചിറ്റൂർ കേന്ദ്രമായുള്ള ഡാം കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ഭൂമിയെ ഉൽപാദനയോഗ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും കൃഷിയ്ക്കുവേണ്ട സാങ്കേതിക ഉപകരണങ്ങളും മികച്ച നടീൽ വസ്തുക്കളും വൈദഗ്ദ്ധ്യവും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. കൃഷി വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പുമായി

ചേർന്ന് പരമ്പരാഗത കൃഷി രീതി ചെയ്യുന്നതിന് മില്ലറ്റ് വില്ലേജ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. 1031 മില്ലറ്റ് കൃഷി യൂണിറ്റുകൾ സജീവമാണ്. ആദിവാസികളുടെ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നുണ്ട്. പരമ്പരാഗത കൃഷി അറിവുകളുള്ള ആദിവാസികൾക്ക് ഭൂമിയിൽ പാരമ്പര്യ കൃഷിയുടെ വികസനവും വരുമാനവുമായി ബന്ധപ്പെടുത്തിയുള്ള പദ്ധതികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യണമെന്നും വിളകളെ വൈവിധ്യവൽക്കരിച്ചും ഉൽപ്പന്ന സംസ്കരണ സംവിധാനങ്ങൾ ഒരുക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തിയും അവർക്ക് വരുമാനം ഉറപ്പാക്കണമെന്നും മില്ലറ്റ് വില്ലേജ് പദ്ധതിയുടെ പ്രവർത്തനങ്ങളും NRLM ട്രൈബൽ സ്പെഷ്യൽ കുടുംബശ്രീ പദ്ധതികളുടെ പ്രവർത്തനവും ആദിവാസികളുടെ സംഘാടനം വഴി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

34. അട്ടപ്പാടി മേഖലയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 200 തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തണമെന്നും പരമ്പരാഗത തൊഴിലുകൾ കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണെന്നും പുതിയ തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

35. അട്ടപ്പാടി ആദിവാസി മേഖലയിൽ ഇനിയും റേഷൻ കാർഡ് ലഭിച്ചിട്ടില്ലാത്ത അർഹതയുള്ള കുടുംബങ്ങൾക്ക് സമയബന്ധിതമായി റേഷൻ കാർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. വൈദ്യുതി കണക്ഷൻ എത്തിക്കാൻ കഴിയാതിരുന്ന 10 കുറുമ്പ ഊരുകളിൽ അനെർട്ട് മുഖേന സോളാർ സംവിധാനം സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി എത്തിക്കാൻ സാധ്യമായ ഊരുകളിൽ ആയത് എത്തിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കെ.എസ്.ഇ.ബി. യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ലഭിക്കാത്ത ഊരുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. ആദിവാസി ഊരുകളിലേക്കുള്ള റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. തകർന്ന റോഡുകളിലൂടെയാണ് രോഗികൾ ആശുപത്രിയിൽ എത്തേണ്ടത്. അടിയന്തര ചികിത്സ ആവശ്യമായി വരുന്ന രോഗികൾ, ഗർഭിണികൾ, രോഗികളായ കുട്ടികൾ എന്നിവർക്ക് ശോചനീയമായ റോഡിലൂടെയുള്ള ആശുപത്രിയിലേയ്ക്കുള്ള യാത്ര ദുഷ്കരമാണ്. ആയതിനാൽ ഊരുകളിലേക്കുള്ള നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും അതുപോലെ റോഡ് സൗകര്യമില്ലാത്ത കോളനികളിൽ റോഡ് നിർമ്മിച്ച് യാത്രാസൗകര്യം ഒരുക്കുന്നതിനുമായി ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. അട്ടപ്പാടിയിലെ വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒറ്റപ്പാലം സബ്കളക്ടറെയാണ് നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളത്. നോഡൽ ഓഫീസർ പ്രതിവാര അവലോകന യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ

വിലയിരുത്തേണ്ടതുണ്ട്. <u>അട്ടപ്പാടിയിലെ വിവിധ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടും കാര്യക്ഷമമായും മുന്നോട്ട് കൊണ്ടുപോകുന്നതിനായി അഗളി കേന്ദ്രീകരിച്ച് ഒരു ഓഫീസ് സ്ഥാപിച്ച് പ്രത്യേകം നോഡൽ ഓഫീസറെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

39. അട്ടപ്പാടിയുടെ വികസനത്തിന് ആവശ്യമായ ഫണ്ട് വകയിരുത്തുകയും ലഭ്യമാകുകയും ചെയ്യുന്നുണ്ട്. എന്നാൽ ലഭ്യമായ സൗകര്യങ്ങളും ഫണ്ടുകളും കൃത്യമായും ഫലപ്രദമായും വിനിയോഗിക്കപ്പെടുന്നില്ല. ആദിവാസികളുടെ അവകാശങ്ങളും അവസരങ്ങളും അവരിലേക്ക് എത്തിക്കുവാൻ പ്രതിബദ്ധതയോടെയുള്ള ഇടപെടലുകൾ ആവശ്യമാണ്. <u>ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിലൂടെയും ആദിവാസികളുടെ പങ്കാളിത്തത്തോടും കൂടി ശരിയായ രീതിയിൽ ഫണ്ട് വിനിയോഗം നടത്തണമെന്നും ഫണ്ട് വിനിയോഗം കൃത്യമായി നിരീക്ഷിക്കുന്നതിനായി അട്ടപ്പാടിയുടെ ചുമതലയുള്ള നോഡൽ ഓഫീസർ അടങ്ങിയ ഒരു സമിതിയെ നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

40. കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ ജീവിക്കുന്ന പ്രദേശമാണ് അട്ടപ്പാടി. 192 ഊരുകളിൽ 149 എണ്ണത്തിൽ ഇരുളർ സമുദായം വസിക്കുന്നു. മുഡുഗർ 24-ലും കുറുമ്പർ 19 ഊരുകളിലും വസിക്കുന്നു. വേറിട്ട സംസ്കാരവും ജീവിതരീതിയും സൂക്ഷിച്ചുപോരുന്ന അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കേണ്ട ബാദ്ധ്യത നമ്മുടെ ഓരോരുത്തരുടേതുമാണ്. അവരുടെ ഇഷ്ടങ്ങളും താൽപ്പര്യങ്ങളും മനസിലാക്കി അവരോടൊപ്പം ചേർന്ന് നിന്ന് ഊരുവാസികളുടെ വിശ്വാസങ്ങൾ നിലനിർത്തി വേണം ഓരോ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ. പോഷകാഹാരക്കുറവുമൂലവും അരിവാൾ രോഗംമൂലവും കഷ്ടപ്പെടുന്ന ഒരു സമൂഹത്തെ കാത്ത് രക്ഷിക്കാൻ സർക്കാരിന്റെ എല്ലാവിഭാഗങ്ങളും കക്ഷി രാഷ്ട്രീയ ഭേദമെന്യേ പരിശ്രമിക്കണമെന്നും നിലവിലുള്ള ഭക്ഷണരീതി ആദിവാസികളുടെ ആരോഗ്യത്തെ ഏതെങ്കിലും രീതിയിൽ പ്രതികൂലമായി ബാധിക്കുന്നുവോ എന്നത് പരിശോധിക്കേണ്ടതുമാണ്. കഴിഞ്ഞ എട്ട് വർഷത്തിനിടെ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾക്കായി അട്ടപ്പാടിയിൽ ചെലവഴിച്ചത് 250 കോടിയിൽ അധികമാണ്. നിരവധി ആരോഗ്യക്ഷേമ വിദ്യാഭ്യാസ പദ്ധതികളും നടപ്പിലാക്കിവരുന്നു. എന്നിട്ടും ഈ ആദിവാസി സമൂഹത്തിന്റെ ജീവിതം ദുരിതമയമായി തുടരുകയാണ്. ഇതിനൊരു മാറ്റം ഉണ്ടാകണം ഇല്ലെങ്കിൽ അട്ടപ്പാടിയിൽ ഉണ്ടാകുന്നത് ഒരു വംശീയ ഉന്മൂലനമായിരിക്കും.

ഒ. ആർ. കേളു,<br>
*അദ്ധ്യക്ഷൻ,*<br>
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,<br>
2022 മാർച്ച് 15.